**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 638** **11-06-2024 - ൽ മറുപടിയ്ക്ക്**

**ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന വിശദാംശം വ്യക്തമാക്കുമോ? | (എ) | ഉണ്ട്;<br><br>വ്യവസായിക ആവശ്യത്തിനായുള്ള ഭൂലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്തുവാനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുവാനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി 29/2/2024-ലെ സ.ഉ (കൈ) നമ്പർ 16/2024/ID സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് എന്ന നവീന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്കരിക്കുന്നതിന് ലക്ഷ്യമിട്ടുന്നുണ്ട്.<br><br>കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ മുതലായവ) ക്യാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നത്. 30 വർഷത്തേക്ക് ആണ് ഡവലപ്പർ പെർമിറ്റ് അനുവദിക്കുക.<br><br>ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മറ്റി ഈ പദ്ധതിയിൽ ലഭിക്കുന്ന ഓൺലൈൻഅപേക്ഷകൾ, |

| | | | |
|---|---|---|---|
| | | | പദ്ധതി മാർഗ്ഗ രേഖയിൽ പറയുന്ന രീതിയിലുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നവയാണോ എന്ന് പരിശോധിക്കേണ്ടതും, സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തി ശുപാർശ ചെയ്യേണ്ടതുമാകുന്നു. തുടർന്ന് സെക്രട്ടറിതല സംസ്ഥാന സമിതി കൂടിയാലോചിച്ചാണ് ഡെവലപ്പർ പെർമിറ്റിനായുള്ള അപേക്ഷയിന്മേൽ തീരുമാനം എടുക്കുന്നത്. |

സെക്ഷൻ ഓഫീസർ